13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1197*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 8447/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി പ്രഭാദേവി,
കളിവിളാകത്തു വീട,
കല്ലുവെട്ടാംകുഴി, മാങ്കോട് പി.ഒ.,
ചിതറ. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഇൻസ്പെക്ടർ എച്ച്.എസ്.ഒ.,
കടയ്ക്കൽ പോലീസ് സ്റ്റേഷൻ.

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്,
ഡെ.പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
പുനലൂർ, കൊല്ലം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.04.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.08.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27.08.2020 |
| ഹിയറിംഗ് നടന്ന തീയതി | 20.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി

പ്രഭാദേവി വി., 27.08.2020–ൽ സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷനിൽ ലഭിക്കുകയും ആയത് AP.No.1197(2)/20/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി ലഭ്യമാക്കിയില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് അപ്പീൽ അധികാരി നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 13.02.2020–ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കടയ്ക്കൽ സർക്കിൾ ഇൻസ്പെക്ടർ മുമ്പാകെ 13.02.2020ന് ടിയാൾ ഒരു പരാതി സമർപ്പിച്ചിരുന്നുവെന്നും ടി പരാതിയുടെ അന്വേഷണ ഉദ്യോഗസ്ഥർ ആരാണെന്നും പ്രസ്തുത പരാതിയിന്മേൽ കടയ്ക്കൽ സർക്കിൾ ഇൻസ്പെക്ടർ എന്തു നടപടിയാണ് എതിർകക്ഷികൾക്കെതിരെ സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന്റെ പൂർണ്ണമായ വിവരങ്ങളും പൂർണ്ണമായ അന്വേഷണ റിപ്പോർട്ടുകളും നടപടി റിപ്പോർട്ടുകളും നൽകണമെന്നുമാണ്. ടി അപേക്ഷയ്ക്ക് 10.03.2020ന് നൽകിയ മറുപടിയിൽ പ്രസ്തവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 13.02.2020ൽ സമർപ്പിച്ച പരാതിയുടെ അന്വേഷണ ഉദ്യോഗസ്ഥൻ കടയ്ക്കൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ സജു വി. ആണെന്നും ടി പരാതി ഇപ്പോൾ അന്വേഷണാവസ്ഥയിലാണെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 19.10.2020–ന് രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ രണ്ടാം അപ്പീൽ വിശദമായി പരിശോധിച്ചതിൽ ടിയാൾ 13.02.2020ന് സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ വിവരങ്ങൾ ലഭിക്കാത്തതിനാൽ കടയ്ക്കൽ പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെന്നാണ് പറഞ്ഞിരിക്കുന്നതെന്നും ആയതിൽ രണ്ടാം എതിർകക്ഷിയായി സൂചിപ്പിച്ചിരിക്കുന്നത് അപ്പീൽ അധികാരി, സർക്കിൾ ഇൻസ്പെക്ടർ, കടയ്ക്കൽ പോലീസ് സ്റ്റേഷൻ എന്നാണെന്നും തുടർന്ന് ടി വിഷയത്തിന്മേൽ കൂടുതൽ കൃത്യതയ്ക്കായി ടി ഓഫീസിലെ വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ഡിജിറ്റൽ രേഖകളും മറ്റും വിശദമായി

പരിശോധിച്ചതിൽ, ശ്രീമതി പ്രഭാദേവി, കളിവിളാകത്തു വീട്, കല്ലുവെട്ടാംകുഴി, മാങ്കോട് പി.ഒ., ചിതറ, എന്നയാൾ 2020 വർഷത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളോ അപ്പീലുകളോ ടി ഓഫീസിൽ സമർപ്പിച്ചിട്ടില്ല എന്നു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും മേൽപ്പടി അപ്പീൽ ഹർജിയിൽ ഡി.വൈ.എസ്.പി.യ്ക്ക് അപ്പീൽ നൽകിയതായി സൂചിപ്പിച്ചിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരിയുടെ ഒന്നാം അപ്പീൽ ഹർജി ടി ഓഫീസിൽ ലഭിച്ചിട്ടില്ലെന്നുമാണ് അറിയിച്ചത്.

5.അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ലഭ്യമായ വിവരം ഹർജിക്കാരിയ്ക്ക് നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മേൽനടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ജനുവരി 31-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/